# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 85 12-12-2012 ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പുന:സംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പുന:സംഘടിപ്പിക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) തൊഴിൽരഹിതരെ ഏതെങ്കിലും മേഖലയിൽ പ്രാപ്തരാക്കുക എന്ന ലക്ഷ്യം നിറവേറ്റാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (ബി) തൊഴിൽരഹിതരെ വിവിധ തൊഴിൽമേഖലകളിലേയ്ക്ക് പ്രാപ്തരാക്കുന്നതിനായി എംപ്ലോയബിലിറ്റി സെന്റർ മുഖേന ചുവടെ ചേർക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>i) തൊഴിൽ അന്വേഷകരായ അഭ്യസ്തവിദ്യരുടെ രജിസ്ട്രേഷൻ ഓൺലൈനായി നടത്തുക.<br><br>ii) അഭിരുചി പരീക്ഷ നടത്തുക.<br><br>iii) അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തുക.<br><br>iv) അവരുടെ നൈപുണ്യവും അഭിരുചിയും കണ്ടെത്തുക.<br><br>v) അവരുടെ കഴിവുകൾക്കനുസൃതമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.<br><br>vi) മേൽപ്പറഞ്ഞ രീതിയിൽ വിലയിരുത്തപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വ്യക്തിത്വ വികസന പരിശീലനം, തൊഴിൽ അധിഷ്ഠിത പരിശീലനം തുടങ്ങിയവ നൽകുക. |

vii) സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലുടമകളുടെ സഹകരണത്തോടെ ഇപ്രകാരം പരിശീലനം സിദ്ധിച്ച് തൊഴിൽ നൈപുണ്യം നേടിയവർക്ക് തൊഴിൽ നേടുന്നതിനുള്ള അവസരമൊരുക്കുക.

(സി) രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് പരിശീലനം നൽകുന്നതിനുള്ള വ്യവസ്ഥകൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ ?

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് എംപ്ലോയബിലിറ്റി സെന്റർ മുഖേന പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**